# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 188 05/03/2012 ൽ മറുപടിക്ക്

## പി.എസ്.സി. യുടെ പ്രവർത്തന നവീകരണം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് 2006 ജൂൺ 1 മുതൽ 2011 മാർച്ച് 31 വരെ വിവിധ ജില്ലാ ഓഫീസുകൾ വഴിയും, പി.എസ്.സി. ആസ്ഥാന ഓഫീസ് വഴിയും എത്ര പേർക്ക് നിയമന ശുപാർശ നൽകി എന്ന കണക്ക് പ്രസിദ്ധീകരിക്കാമോ ; | (എ) 1.6.2006 മുതൽ 31.3.2011വരെയുള്ള കണക്ക് പ്രത്യേകമായി ലഭ്യമല്ല. 18.5.2006 മുതൽ 31.3.2011വരെ ആകെ 1,60,909 നിയമന ശിപാർശ നല്കിയിട്ടുണ്ട്. |
| (ബി) 2006-2011 കാലഘട്ടത്തിൽ പി.എസ്.സി.യിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) 14.12.2010-നുശേഷം നടന്ന എല്ലാ പി.എസ്.സി.നിയമനങ്ങളിലും പോലിസ് വെരിഫിക്കേഷൻ റിപ്പോർട്ടിനുപുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടുംകൂടി വാങ്ങണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനു മുമ്പ് ഇപ്രകാരം പി.എസ്.സി.യുടെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 2006-2011 കാലയളവിൽ പി.എസ്.സി. യുടെ ജോലിഭാരം കണക്കിലെടുത്ത് 101 തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല പി.എസ്.സി.യ്ക്കുവേണ്ടി ഒരു പുതിയ കെട്ടിടവും നിർമ്മിച്ചുനല്കിയിട്ടുണ്ട്. |
| (സി) പി.എസ്.സി. പരീക്ഷാനടത്തിപ്പ് സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ? | (സി) പി.എസ്.സി. പരീക്ഷാ നടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br>• ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന എല്ലാ തസ്തികകളുടേയും അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• നിയമനതട്ടിപ്പ് നടന്ന സാഹചര്യത്തിൽ 31.12.2010-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തതു മുതലുള്ള തസ്തികകൾക്ക് അപേക്ഷിക്കുന്ന |

തിന് കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള സൈസിലെ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്നത് നിർബന്ധമാക്കുകയും അതനുസരിച്ച് ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിഷൻ ടിക്കറ്റിലും പ്രസ്തുത ഫോട്ടോ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

- ഉദ്യോഗാർത്ഥികൾ ഒ.എം.ആർ. ഷീറ്റിൽ ആൽഫാകോഡ് ബബിൾ ചെയ്യുന്നത് വളരെയധികം തെറ്റിക്കുന്ന സാഹചര്യത്തിൽ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്ക് ആദ്യമായിട്ടും 2011 ഡിസംബർ മുതൽ ഒ.എം.ആർ. പരീക്ഷ നടത്തുന്ന എല്ലാ തസ്തികകൾക്കും ഒ.എം.ആർ. ഷീറ്റിൽ ആൽഫാ കോഡ് പ്രീ-ബബിൾ ചെയ്താണ് നല്കി വരുന്നത്.
- 2011 മാർച്ച് 1 മുതൽ നടത്തുന്ന പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികൾ ഫോട്ടോ പതിച്ച പി.എസ്.സി. നിഷ്കർഷിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ അസ്സലും അതിന്റെ ഒരു പകർപ്പും ഹാജരാക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചു. പകർപ്പ് ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം പി.എസ്.സി. യ്ക്ക് സമർപ്പിക്കേണ്ടതാണ്.
- ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പരീക്ഷകൾക്ക് വൺടൈം രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. തസ്തികകൾക്ക് അപേക്ഷകൾ അയയ്ക്കുന്നതിന് സഹായകരമാകുന്നതിന് അപേക്ഷകർക്ക് അവരുടെ ബയോഡാറ്റയുടെ വൺടൈം രജിസ്ട്രേഷൻ ജനുവരി 2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.
- പരീക്ഷാകേന്ദ്രങ്ങൾക്ക് നൽകിവരുന്ന 100 രൂപ കണ്ടിജന്റ് ചാർജ്ജിനു പുറമെ അഡ്മിറ്റ് ചെയ്യുന്ന ഓരോ ഉദ്യോഗാർത്ഥിക്കും രണ്ടുരൂപാ നിരക്കിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചിലവുകൾ നേരിടുന്നതിനുള്ള യൂട്ടിലിറ്റി ചാർജ്ജ് ആയി എല്ലാ പരീക്ഷാകേന്ദ്രങ്ങൾക്കും (മാനേജ്മെന്റ്/ഗവൺമെന്റ് സ്ഥാപനം) നല്കുന്നതിനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ